**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ പദ്ധതി - മലപ്പുറം ജില്ലയിലെ ചേലമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി സരോജിനി, കറുത്തേടത്ത് പുറായി, ശ്രീമതി കുഞ്ഞി, ചക്കുമാട്, ശ്രീ വിജേഷ്, പാണംകണ്ടി എന്നിവർക്ക് വീട് റിപ്പയറിംഗിന് വകയിരുത്തിയിരുന്ന തുക ഭവന നിർമ്മാണത്തിനായി എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം. 847/2017/തസ്വഭവ. തിരുവനന്തപുരം, തീയതി 24/03/2017

---

പരാമർശം:-(1) 27.05.2014 ലെ സ.ഉ.(സാധാ)നമ്പർ 297/2014/തസ്വഭവ ഉത്തരവ്

(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.12.2016 ലെ 6581/എൽ/2013/കെ.എസ്.എച്ച്.ഒ.നമ്പർ കത്ത്

**ഉത്തരവ്**

1. മലപ്പുറം ജില്ലയിലെ ചേലമ്പ്ര, കീഴുപറമ്പ എന്നീ ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് പരാമർശം (1) ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവിൽ ചേലമ്പ്ര ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളായ 14-ാം പേരുകാരിയായ ശ്രീമതി സരോജിനി, കറുത്തേടത്ത് പുറായി, 21-ാം പേരുകാരിയായ ശ്രീമതി കുഞ്ഞി, ചക്കുമാട് കുന്ന്, 68-ാം പേരുകാരനായ ശ്രീ വിജേഷ്, പാണംകണ്ടി എന്നിവർക്ക് വീട് റിപ്പയറിനാണ് തുക വകയിരുത്തിയതെന്നും ആയത് ഭവന നിർമ്മാണം എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളായ 14-ാം പേരുകാരിയായ ശ്രീമതി സരോജിനി, കറുത്തേടത്ത് പുറായി, 21-ാം പേരുകാരിയായ ശ്രീമതി കുഞ്ഞി, ചക്കുമാട് കുന്ന്, 68-ാം പേരുകാരനായ ശ്രീ വിജേഷ്, പാണംകണ്ടി എന്നിവർക്ക് വീട് റിപ്പയറിംഗിന് വകയിരുത്തിയ തുക അടങ്കൽ തുകയ്ക്ക് വ്യത്യാസം വരുത്താതെ ഭവന നിർമ്മാണത്തിനായി എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്.ബിന്ദു**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചേലമ്പ്ര/കീഴുപറമ്പ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**